# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1138      03/12/2015 ൽ മറുപടിക്ക്

### എയ്ഡഡ്/അൺഎയ്ഡഡ് മേഖലയിൽ പ്ലസ് ടു കോഴ്സ് അനുവദിച്ച സ്കൂളുകൾ

| ചോദ്യം<br>ശ്രീ.എളമരം കരീം | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാരിന്റെ കാലത്ത് പ്ലസ് ടു ബാച്ചുകൾ അനുവദിച്ച് കിട്ടിയ അൺ എയ്ഡഡ് പ്ലസ് ടു സ്കൂളുകൾ, ബാച്ചുകൾ എന്നിവ വ്യക്തമാക്കുമോ; | (എ) വിവരം ശേഖരിച്ച് നൽകുന്നതാണ് |
| (ബി) മിനിമം വിദ്യാർത്ഥികളോ സൗകര്യങ്ങളോ ഇല്ലാത്തതിനാൽ അംഗീകാരം നഷ്ടമായ സ്കൂളുകളുടെ വിശദാംശം നൽകുമോ; | (ബി) മിനിമം വിദ്യാർത്ഥികളോ, സൗകര്യങ്ങളോ ഇല്ലാത്തതിനാൽ ഹയർസെക്കന്ററി സ്കൂളുകളുടെ അംഗീകാരം റദ്ദാക്കിയിട്ടില്ല. |
| (സി) എയ്ഡഡ് മേഖലയിൽ പ്ലസ് ടു കോഴ്സ് അനുവദിച്ച് കിട്ടിയ ഹയർ സെക്കന്ററി സ്കൂളുകൾ എത്ര ; ആകെ എത്ര പ്ലസ് ടു ബാച്ചുകൾ ഉണ്ട് ; മിനിമം വിദ്യാർത്ഥികളും, സൗകര്യങ്ങളും ഇല്ലാത്തതുമൂലം എത്ര സ്കൂളുകൾക്ക് അംഗീകാരം നഷ്ടപ്പെടുകയുണ്ടായിട്ടുണ്ട്; | (സി) ഈ സർക്കാരിന്റെ കാലത്ത് എയ്ഡഡ് മേഖലയിൽ 159 സ്കൂളുകളിലായി 329 ബാച്ചുകൾ അനുവദിച്ചു. മിനിമം വിദ്യാർത്ഥികളോ, സൗകര്യങ്ങളോ ഇല്ലാത്തതിനാൽ ഹയർസെക്കന്ററി സ്കൂളുകളുടെ അംഗീകാരം റദ്ദാക്കിയിട്ടില്ല. |
| (ഡി) അംഗീകാരത്തിനർഹതയുള്ളതായി കണ്ടെത്തിയ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ പ്ലസ് ടു ബാച്ചുകളിലെല്ലാം കൂടി അംഗീകാരത്തിനർഹമായ തസ്തികകൾ എത്ര ; പ്രസ്തുത തസ്തികകളിൽ ഇതിനകം അംഗീകാരം നൽകിയവ എത്ര ; അംഗീകാരത്തിനായി പരിഗണനയിലുള്ള തസ്തികകൾ എത്ര ; വിശദമാക്കുമോ? | (ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ് |

സെക്ഷൻ ഓഫീസർ